

ശ്രീ.ജെ. എം. മണലൂർ
പ്രസിഡന്റ്
മണലൂർ കടുംബം.

# പ്രസിഡന്റിന്റെ കത്ത്

.

പ്രിയമുള്ളവരെ,

വളരെ നാളുകളായി നമ്മൾ ആഗ്രഹിച്ചിരുന്ന മണലൂർ കുടുംബത്തിന്റെ വെബ്സൈററ് തുറക്കുകയാണല്ലോ. ആദ്യമായിത്തന്നെ ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ!.

വെബ്സൈററ് ആരംഭിക്കുന്നത് നമ്മുടെ കുടുംബത്തിലെ ഇളംതലമുറയ്ക്കു വേണ്ടിയാണ്. കാലം ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിയ്ക്കുകയാണ്. അതനുസരിച്ച് നമ്മളിലും പുരോഗമന ചിന്തകൾ ഉണ്ടായിരിക്കണം. ഇന്നത്തെ ഇളം തലമുറയ്ക്കു നമ്മുടെ കുടുംബത്തെക്കുറിച്ചു ഒന്നും തന്നെ അറിയില്ല. മണലൂർ കുടുംബത്തിൽപ്പെട്ടവരെപ്പോലും തിരിച്ചറിയുവാൻ സാധിക്കുന്നില്ല. വളരെ അടുത്തു താമസിക്കുന്നവർ പോലും തമ്മിൽ തമ്മിൽ അറിയുന്നില്ല. മാമോദീസ, വിവാഹം, മരണം മുതലായ ചടങ്ങുകളിൽ സംബന്ധിക്കുമ്പോഴാണു ചിലരെ എങ്കിലും മനസ്സിലാകുന്നതു. ഇതൊക്കെ മാറി മണലൂർ കുംടുംബത്തിലെ എല്ലാവരും തമ്മിൽ തമ്മിൽ അറിയുന്നതിനും ബന്ധങ്ങൾ മനസ്സിലാക്കുവാനും ഈ വെബ്സൈററ് ഉപകരിക്കട്ടെ.

വഞ്ചിത്ര തേവർതുണ്ടിയിൽ കുടുംബയോഗത്തിലെ ആറ് ശാഖകളിൽ ഏററവും വലിയ ശാഖയാണ് മണലൂർ ശാഖ. സഹോദര ശാഖക്കാർ കൂടുന്നതു പോലെ നമുക്കു എപ്പോഴും കൂടുവാനും ബന്ധങ്ങൾ മനസ്സിലാക്കുവാനും പ്രയാസമാണ്. അതിനാലാണ് നമ്മുടെ ശാഖ മണലൂർ കുടുംബം എന്ന പേരിൽ വെബ്സൈററ് ആരംഭിക്കുന്നത്. ഈ സംരഭം സഫലമാവുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എല്ലാവരും ഇതിൽ സഹകരിച്ചു വിജയിപ്പിക്കുമല്ലോ.

ഈ സംരഭം പ്രാവർത്തികമാക്കുന്നതിനു വേണ്ടി പ്രവർത്തിച്ച എല്ലാവർക്കും നന്ദിയും വെബ്സൈററിനു എല്ലാവിധമായ വിജയാശംസകളും നേരുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയോടെ,

ഒപ്പ്
ജെ. എം. മണലൂർ

പുല്ലാട്
01/02/2017